# സെന്റ്. ജോസഫ്സ് ഹൈസ്കൂൾ പുല്ലൂരാംപാറ

## Pathways to Excellence

# അക്കാദമിക മാസ്റ്റർപ്ലാൻ



**Learn**
**Lead &**
**Succeed**

*"അറിവ് ജീവിത വിജയത്തിനുള്ള താക്കോൽ"*

# ഉള്ളടക്കം


1. ആമുഖം

2. അടിസ്ഥാന വിവരങ്ങൾ

3. വിദ്യാലയ ചരിത്രം

4. ഭൗതികസൗകര്യങ്ങൾ

5. വിദ്യാലയം നമ്മുടെ കാഴ്ചപ്പാട്

6. മികവിനായി ഏറ്റെടുത്ത പൊതുപദ്ധതികൾ

7. വിഷയാധിഷ്ഠിത പദ്ധതി വിശദാംശങ്ങൾ

    a. മലയാളം

    b. ഇംഗ്ലീഷ്

    c. ഹിന്ദി

    d. സോഷ്യൽ സയൻസ്

    e. ശാസ്ത്രം

    f. ഗണിതം

    g. ഭിന്നശേഷിയുള്ള കുട്ടികളുടെ മുഖ്യധാരാ വിദ്യാഭ്യാസം

    h. കലാ വിദ്യാഭ്യാസം

    i. ആരോഗ്യ കായിക വിദ്യാഭ്യാസം

    j. ഐ സി ടി

    k. പ്രവൃത്തി പഠനം

8. ഉപസംഹാരം

അനുബന്ധം

1. വിദ്യാലയത്തിന്റെ സ്കെച്ച്

**ആമുഖം**

കേരളത്തിൻ്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയകരമായി മുന്നേറിക്കൊണ്ടിരിക്കുന്നു. ഹൈടെക് കാലഘട്ടത്തിന് യോജിച്ച തരത്തിൽ നമ്മുടെ ക്ലാസ്റൂം പ്രവർത്തനങ്ങൾ മാറേണ്ടതുണ്ട് .വെല്ലുവിളികളെ മറികടക്കാനും സമൂഹത്തിൻ്റെ പ്രതീക്ഷയ്ക്കൊത്ത വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്ക് ലഭ്യമാക്കാനും നമുക്ക് സാധിക്കണം. വിദ്യാഭ്യാസ വകുപ്പ് വിഭാഗം ചെയ്യുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കാൻ നമുക്ക് ബാധ്യതയുണ്ട്. വൈവിധ്യമാർന്നതും തനിമയുള്ളതുമായ പഠന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് ഈ പദ്ധതി കരുത്തുറ്റതാക്കാൻ നമുക്ക് അണിചേരാം.

നിലവിലുള്ള സാഹചര്യങ്ങൾ, പ്രശ്നങ്ങൾ അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇവ സംക്ഷിപ്തമായി ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിലാസം | : | പുല്ലൂരാംപാറ പി.ഒ, കോഴിക്കോട് |
| ഫോൺ | : | 0495 2256242 |
| വിദ്യാഭ്യാസ ഉപജില്ല | : | മുക്കം |
| വിദ്യാഭ്യാസ ജില്ല | : | താമരശ്ശേരി |
| റവന്യൂജില്ല | : | കോഴിക്കോട് |
| ബിആർസി | : | കുന്നമംഗലം |
| ഗ്രാമപഞ്ചായത്ത് | : | തിരുവമ്പാടി |
| ബ്ലോക്ക് പഞ്ചായത്ത് | : | കൊടുവള്ളി |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| നിയമസഭാ മണ്ഡലം | : | തിരുവമ്പാടി |
| ലോക്സഭാ മണ്ഡലം | : | വയനാട് |
| താലൂക്ക് | : | താമരശ്ശേരി |
| വില്ലേജ് | : | തിരുവമ്പാടി |
| ഇമെയിൽ | : | sjhspullurampara@gmail.com |

## വിദ്യാലയ ചരിത്രം

കോഴിക്കോട് പട്ടണത്തിൽ നിന്ന് 45 കി.മീ അകലെ മലയോര കുടിയേറ്റ സിരാകേന്ദ്രമായ പുല്ലുരാംപാറയിൽ കുടിയേറ്റത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ തങ്ങളുടെ വരും തലമുറയുടെ വിദ്യാഭ്യാസമെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനു വേണ്ടി എളിയ രീതിയിൽ ഒരു കുടിപള്ളിക്കൂടമായി സെൻറ്. ജോസഫ്സ് യുപി സ്കൂൾ പ്രവർത്തനം ആരംഭിച്ചു. എങ്കിലും ഉപരിപഠനത്തിനുള്ള സൗകര്യം ലഭ്യമാകുവാൻ ഈ ജനതയ്ക്ക് കുറേക്കാലം കൂടി കാത്തിരിക്കേണ്ടി വന്നു. തിരുവമ്പാടി നിയോജകമണ്ഡലം എംഎൽഎ ആയിരുന്ന സിറിയക്ക് ജോണിന്റെയും അന്നത്തെ വികാരി ആയിരുന്ന ഫാ. ഫിലിപ് മുറിഞ്ഞകല്ലിന്റെയും ശ്രമഫലമായി 1976 ലാണ് ഹൈസ്കൂൾ അനുവദിക്കുന്നത്. 1976 ഫെബ്രുവരി 16 ന് സെൻറ്. ജോസഫ് ഹൈസ്കൂളിന്റെ ഔപചാരിക ഉദ്ഘാടനം തലശ്ശേരി രൂപതാധ്യക്ഷൻ മാർ . സെബാസ്റ്റ്യൻ  വള്ളോപ്പിള്ളി നിർവഹിച്ചു.

1976 ൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചപ്പോൾ ഫാ. ഫിലിപ് മുറിഞ്ഞകല്ലേൽ ആയിരുന്നു സ്കൂൾ മാനേജർ. ശ്രീ. പി.ടി ജോർജ്ജ് പ്രധാനാധ്യാപകന്റെ ചാർജ്ജ് വഹിച്ചു .എട്ടാം ക്ലാസിൽ നാല് ഡിവിഷനുകളിലായി 172 കുട്ടികളുമായാണ് സ്കൂൾ ആരംഭിച്ചത്. ആദ്യമായി അഡ്മിഷൻ നേടിയത് സി കെ ഗോപകുമാർ എന്ന കുട്ടിയാണ്. 1979 ൽ ആദ്യ എസ്എസ്എൽസി ഫലം പുറത്തുവന്നപ്പോൾ 86 കുട്ടികളിൽ 84 പേരും വിജയിച്ച് 98% വിജയം നേടാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു. 2010- 11 വർഷത്തിൽ സ്കൂൾ ഹയർ സെക്കൻഡറിയായി ഉയർത്തി. കാർഷികമേഖലയിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയത്തിൽ സാധാരണക്കാരായ കർഷകരുടെ മക്കളാണ് പഠനം നടത്തിവരുന്നത്. പഠന നിലവാരത്തിന്റെ കാര്യത്തിൽ ജില്ലയിലെ മികച്ച സ്കൂളുകളിൽ ഒന്നാണിത്.

**ST JOSEPH'S HIGH SCHOOL PULLURAMPARA**

**LIST OF EXCELLENCE** Estd : 1976

| Year | No. of Students Appeared | No. of Students Eligible for Higher Studies | %of Pass | No. of Distinction |
|---|---|---|---|---|
| 1979 | 86 | 84 | 97.67 | - |
| 1980 | 99 | 91 | 91.92 | - |
| 1981 | 150 | 144 | 96.00 | - |
| 1982 | 157 | 142 | 90.45 | - |
| 1983 | 197 | 172 | 87.31 | - |
| 1984 | 228 | 141 | 61.84 | - |
| 1985 | 186 | 116 | 62.37 | - |
| 1986 | 136 | 109 | 80.15 | - |
| 1987 | 203 | 168 | 82.76 | 3 |
| 1988 | 114 | 110 | 96.49 | 3 |
| 1989 | 156 | 144 | 92.31 | 4 |
| 1990 | 184 | 169 | 91.85 | 5 |
| 1991 | 205 | 188 | 91.71 | 1 |
| 1992 | 179 | 163 | 91.06 | 2 |
| 1993 | 193 | 158 | 81.87 | 6 |
| 1994 | 212 | 153 | 72.17 | 5 |
| 1995 | 200 | 154 | 77.00 | 5 |
| 1996 | 198 | 148 | 74.75 | 6 |
| 1997 | 207 | 177 | 85.00 | 5 |
| 1998 | 189 | 144 | 76.19 | 5 |
| 1999 | 185 | 127 | 68.65 | 4 |
| 2000 | 186 | 156 | 83.87 | 11 |
| 2001 | 188 | 159 | 84.57 | 11 |
| 2002 | 190 | 177 | 93.16 | 20 |
| 2003 | 200 | 186 | 93.00 | 14 |
| 2004 | 189 | 178 | 94.18 | 19 |

| Year | No. of Students Appeared | No. of Students Eligible for Higher Studies | %of Pass | No. of Full A+ |
|---|---|---|---|---|
| 2005 | 194 | 152 | 78.35 | - |
| 2006 | 192 | 179 | 93.22 | - |
| 2007 | 196 | 193 | 98.22 | - |
| 2008 | 198 | 198 | 100 | - |
| 2009 | 194 | 194 | 100 | - |
| 2010 | 195 | 195 | 100 | - |
| 2011 | 193 | 191 | 99 | - |
| 2012 | 197 | 197 | 100 | - |
| 2013 | 196 | 196 | 100 | - |
| 2014 | 217 | 217 | 100 | - |
| 2015 | 204 | 204 | 100 | - |
| 2016 | 202 | 202 | 100 | - |
| 2017 | 197 | 196 | 99.5 | 5 |
| 2018 | 195 | 195 | 100 | 15 |
| 2019 | 188 | 187 | 99.5 | 22 |
| 2020 | 194 | 194 | 100 | 38 |
| 2021 | 209 | 209 | 100 | 87 |
| 2022 | 183 | 183 | 100 | 32 |
| 2023 | 185 | 185 | 100 | 51 |
| 2024 | 183 | 183 | 100 | 58 |
| 2025 | 183 | 183 | 100 | 47 |

## ഭൗതിക സൗകര്യങ്ങൾ

പുല്ലൂരാംപാറ സെൻറ് ജോസഫ് ദേവാലയത്തിൻ്റെ ഉടമസ്ഥതയിലുള്ള മൂന്നേക്കർ സ്ഥലത്ത് 9500 അടി വിസ്തീർണ്ണമുള്ള മനോഹരമായ കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. പൂർണമായും വൈദ്യുതീകരിച്ച 14 ക്ലാസ് മുറികളും ഏഴ് ക്ലാസുകൾ നടത്തുവാൻ സൗകര്യമുള്ള വലിയ ഹാളും സ്കൂളിലുണ്ട്. രണ്ടായിരത്തോളം പുസ്തകങ്ങളും ധാരാളം റഫറൻസ് ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന ഉന്നത നിലവാരം പുലർത്തുന്ന ലൈബ്രറി സ്കൂളിൻ്റെ നേട്ടമാണ്. 15 കമ്പ്യൂട്ടറുകൾ ഉള്ള കമ്പ്യൂട്ടറിൽ ലാബ് സ്കൂളിലുണ്ട് .കൂടാതെ കേന്ദ്ര ഗവൺമെന്റിൽ നിന്ന് കമ്പ്യൂട്ടറുകളും അതിൻറെ അനുബന്ധ ഉപകരണങ്ങളും ലഭിക്കുന്നുണ്ട്. ആധുനിക രീതിയിലുള്ള സ്മാർട്ട് റൂം സ്കൂളിൽ ഉണ്ട് .ഈ സ്മാർട്ട് ക്ലാസ്സുകളിൽ ഓരോ വിഷയങ്ങളും ദൃശ്യമാധ്യമങ്ങളുടെ സഹായത്തോടെ പഠിപ്പിക്കുന്നു.

## പുരസ്കാരങ്ങൾ

മികച്ച സ്കൂളിനുള്ള പ്രാദേശിക പുരസ്കാരങ്ങൾ നിരവധി തവണ ഈ സ്കൂളിന് ലഭിച്ചിട്ടുണ്ട് . സ്കൂൾ മേളകളിൽ മികവ് തെളിയിച്ചിട്ടുള്ള ഈ വിദ്യാലയം കായികരംഗത്ത് ബഹുദൂരം മുമ്പിൽ ആണ്. ദേശീയ അന്തർദേശീയ കായിക താരങ്ങളെ സംഭാവന ചെയ്യാൻ സ്കൂളിനായിട്ടുണ്ട്. 8,9,10 ക്ലാസുകളിലായി 535 വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ പഠനം നടത്തിവരുന്നു .പ്രധാനാധ്യാപകൻ ഉൾപ്പെടെ 25 അധ്യാപകരും 4 ഓഫീസ് സ്റ്റാഫും ഇവിടെ സേവനമനുഷ്ഠിക്കുന്നു.

കുട്ടികൾക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകുന്നതിന് 15 ൽ അധികം ക്ലബ്ബുകൾ ഈ വിദ്യാലയത്തിൽ പ്രവർത്തിച്ചുവരുന്നു. സ്കൂളിനെ മികവിൻ്റെ കേന്ദ്രമാക്കുന്നതിന് മാനേജ്മെൻ്റും പിടിഎയും നാട്ടുകാരും ചേർന്ന് നിരവധി വികസന പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ട്.

**ക്ലാസ്സ് തിരിച്ചുള്ള കുട്ടികളുടെ വിവരം**

| Class | Boy | Girl | Total |
|---|---|---|---|
| VIII A | 21 | 5 | 26 |
| VIII B | 15 | 9 | 24 |
| VIII C | 21 | 15 | 26 |
| VIII D | 20 | 15 | 35 |
| VIII E | 24 | 11 | 35 |
| VIII F | 19 | 10 | 29 |
| IX A | 33 | 27 | 60 |
| IX B | 19 | 17 | 36 |
| IX C | 18 | 16 | 34 |
| IX D | 19 | 14 | 33 |
| X A | 17 | 13 | 30 |
| X B | 20 | 13 | 33 |
| X C | 16 | 25 | 41 |
| X D | 19 | 22 | 41 |
| X E | 20 | 22 | 42 |
| TOTAL | 301 | 234 | 535 |

## അധ്യാപക അനധ്യാപക ജീവനക്കാർ

| | NAME OF TEACHER | Designation |
|---|---|---|
| 1 | JOLLY JOSEPH | HM |
| 2 | SHIBY AUGUSTINE | HST Phy.Sci. |
| 3 | JUBIN AUGUSTINE | HST Phy.Sci. |
| 4 | JISHY MATHEW | HST Phy.Sci. |
| 5 | Sr.SELMA THOMAS | HST Nat.Sci. |
| 6 | SHEEBA THOMAS | HST Nat.Sci. |
| 7 | SOLY GEORGE | HST Maths |
| 8 | JOSEPH GEORGE | HST Maths |
| 9 | DIVIA PHILIP | HST Maths |
| 10 | AYONA SEBASTIAN | HST Maths |
| 11 | SHELLY GEORGE | HST SS |
| 11a | ANANDH JOSE | HST SS |
| 12 | SHALET GEORGE | HST SS |
| 13 | SOUMYA DOMINIC | HST SS |
| 14 | REJI SEBASTIAN | HST Eng. |

| SI.NO. | NAME OF TEACHER | Designation |
|---|---|---|
| 15 | BIJU V FRANCISE | HST Eng. |
| 15a | TOM JOSE | HST Eng. |
| 16 | ANN MARY JAMES | HST Eng. |
| 17 | SIJILA THULASIPURAM | HST Mal |
| 18 | MANJUSHA FRANCIS | HST Mal |
| 19 | JINCY P VARGHESE | HST Mal |
| 20 | LIDIYA MATHEW | HST Mal |
| 21 | BEENA PAUL | HST Hindi |
| 22 | SHIJI KORA | HST Hindi |
| 23 | JOLLY THOMAS | PET |
| 24 | NIMMY JOSE | NWT |
| 25 | ANJU JOHN | MUSIC |
| 26 | LALAMMA SAIMON KS | CLERK |
| 27 | JAMES MATHEW | OA |
| 28 | JINS THOMAS | OA |
| 29 | VIMAL K JOSEPH | FTM |

## അക്കാദമിക കൂട്ടായ്മകൾ

- 15 ദിവസത്തിൽ ഒരിക്കൽ സബ്ജക്ട് കൗൺസിൽ
- എല്ലാമാസവും എസ് ആർ ജി, സ്റ്റാഫ് കൗൺസിൽ യോഗങ്ങൾ.
- വിദ്യാരംഗത്തിൻ്റെ നേതൃത്വത്തിൽ സ്കൂളിലെ ക്ലബ്ബുകളുടെ യോഗം ചേരുന്നു.
- ദിനാചരണങ്ങൾ

## അക്കാദമികേതര കൂട്ടായ്മകൾ

- മുൻകാലത്തെയും സമകാലത്തെയും അധ്യാപക അനധ്യാപക കൂട്ടായ്മകൾ
- പിക്നിക്
- സംഗീത സായാഹ്നങ്ങൾ പ്രാദേശിക ലൈബ്രറി, ആഘോഷങ്ങൾ എന്നിവയിൽ സംഘാടന പങ്കാളിത്തം
- അധ്യാപക സംഘടനാ പ്രവർത്തനങ്ങളിൽ അണിചേരുന്നു.

## ഭിന്നശേഷിയുള്ള കുട്ടികളുടെ മുഖ്യധാരാ വിദ്യാഭ്യാസം

പൊതുവിദ്യാലയത്തിൽ പഠിക്കുന്ന ഭിന്നശേഷിയുള്ള കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്നതിന് വേണ്ടി ധാരാളം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്.എല്ലാവർക്കും വിദ്യാഭ്യാസം എന്ന ആശയത്തിന് ഇന്ന് വളരെ പ്രാധാന്യമുണ്ട് ഭിന്നശേഷിയുള്ള കുട്ടികളെ വൈകല്യത്തിന്റെ പേരിൽ വേർതിരിക്കാതെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യമാണ് സങ്കലിത വിദ്യാഭ്യാസത്തിനുള്ളത്.വൈകല്യമുള്ളവർക്കായി ഒരു പ്രത്യേക ലോകമില്ല.

അവർ ഒരേ സമൂഹത്തിൽ ജനിക്കുന്നവരും എല്ലാവരുടെ ഒപ്പം ജീവിക്കുന്നവരുമാണ്.വിദ്യാഭ്യാസത്തിനുശേഷം ഇവർ ഇടപെടുന്നതും ഈ സമൂഹത്തിലാണ് അതുകൊണ്ട് മുഖ്യധാരയിൽ ഉൾപ്പെട്ടു കൊണ്ട് വളരാനും വികസിക്കാനുമുള്ള അവസരമാണ് വിദ്യാഭ്യാസകാലത്ത് ലഭിക്കേണ്ടത് .സങ്കലിത വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഇത് സാധ്യമാകൂ.

പൊതുസമൂഹവുമായുള്ള സഹവാസം ഭിന്നശേഷിയുള്ള കുട്ടികളെ അവരുടെ പരിമിതി മറികടക്കാൻ വളരെയേറെ സഹായിക്കും. ഭിന്നശേഷിക്കാരായ കുട്ടികളുടെ സർഗാത്മകശേഷി പരിപോഷിപ്പിക്കുന്നതിന് കുട്ടികളുടെ കഴിവനുസരിച്ച് കലാകായിക നിർമ്മാണ പ്രവർത്തനങ്ങളിൽ മറ്റു കുട്ടികളുടെ കൂടെ പരിശീലനം നൽകേണ്ടത് അത്യാവശ്യമാണ്.

## നിലവിലുള്ള മികവുകൾ

### ഭൗതികം

- കരിങ്കല്ലിൽ തീർത്ത മൂന്ന നിലകെട്ടിടം
- ഇലക്ട്രിസിറ്റി ,കുടിവെള്ളം, കളിസ്ഥലം.
- പൊതുവാഹനസൗകര്യം

### അക്കാദമികം

- മികച്ച അധ്യാപകരുടെ സേവനം
- കലാ-കായിക- ശാസ്ത്ര- സാമൂഹ്യശാസ്ത്ര- ഗണിതശാസ്ത്ര -പ്രവൃത്തി പഠന -ഐടി -മേളകളിലെ മികവ്
- വിജയശതമാനത്തിൽ ഏറെ മുന്നിൽ
- സ്കൗട്ട് -ഗൈഡ് ,ജെ ആർ സി , എസ് പി സി ,ലിറ്റിൽകൈറ്റ്സ്, ജാഗ്രത ക്ലബ്ബ്,റ്റീൻസ് ക്ലബ്ബ് , പി.ഡിക്ലബ്,ലഹരി വിരുദ്ധ ക്ലബ്ബ്, സ്കൂൾ സംരക്ഷണ സമിതി,ഗാന്ധി ദർശൻ ക്ലബ്ബ്,വിദ്യാരംഗം ക്ലബ്ബ് ,മലയാളം ക്ലബ്ബ്,
- പഠന മികവിനുള്ള എൻഡോവ്മെന്റുകൾ
- ദിനാചരണങ്ങൾ ,വാർഷിക പരിപാടികൾ
- സെമിനാറുകൾ, ക്ലാസ്സുകൾ

### സാമൂഹികം

- ശക്തമായ പി.ടി.എ, എം.ടി.എ,
- പൂർവ്വ അധ്യാപക കൂട്ടായ്മ പ്രാദേശിക ക്ലബ്ബുകൾ ലൈബ്രറി തുടങ്ങിയവയുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.
- സ്കൂൾ ആഘോഷവേളകളിലെ ബഹുജന പങ്കാളിത്തം.
- നിർമ്മാണ പ്രവർത്തനങ്ങളിൽ അഭ്യുദയകാംക്ഷികളുടെ സഹകരണം

## വിദ്യാലയം നമ്മുടെ കാഴ്ചപ്പാട്

- സമസ്ത മേഖലകളിലും അടിസ്ഥാനപരമായ ധാരണ നേടി പൊതു സമൂഹത്തിലേക്ക് ഇറങ്ങാൻ കുട്ടിയെ പ്രാപ്തമാക്കുന്ന മാതൃകാ സ്ഥാപനം.
- മൂല്യബോധമുള്ള തലമുറയെ സൃഷ്ടിക്കാൻ ഉതകുന്ന തരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാകണം.
- വിദ്യാർത്ഥി സൗഹൃദാന്തരീക്ഷം ഉണ്ടായിരിക്കണം.
- സമൂഹമായി നല്ല ബന്ധം കാത്തു സൂക്ഷിക്കുന്ന സ്ഥാപനം ആയിരിക്കണം.

### ലക്ഷ്യങ്ങൾ

- സെക്കൻഡറി നിലവാരത്തിലുള്ള കുട്ടികൾ ആർജ്ജിക്കേണ്ട ധാരണകൾ, ശേഷികൾ ,നൈപുണികൾ ഇവ നേടണം.
- ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് ആവശ്യമായ കൈത്താങ്ങ് നൽകുക.
- സമസ്ത മേഖലകളിലും അവസരം ഒരുക്കി കുട്ടിയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുക .
- മാനവികതയിൽ ഊന്നിയ വിദ്യാഭ്യാസം നൽകുക.
- ലഹരി വിമുക്തരാക്കുക.
- പ്രായോഗിക ജീവിതരീതി രൂപപ്പെടുത്തുക.
- നമ്മുടെ ഭാഷ,സംസ്കാരം ഇവയെപ്പറ്റി അവബോധം ഉണ്ടാക്കുക

## മികവിനായി ഏറ്റെടുത്ത പൊതു പദ്ധതികൾ

### പ്രാദേശിക പി .ടി . എ

- ഓരോ ഏരിയയിലും താമസിക്കുന്ന  കുട്ടികളെയും അവരുടെ കുടുംബ പശ്ചാത്തലത്തേയും നേരിട്ട് അറിയുക
- ഓരോ കുട്ടിയെയും വ്യക്തിപരമായി അറിഞ്ഞ് മികവിലേക്ക് നയിക്കുക
- പരിമിതികൾ തിരിച്ചറിയുക

### ശിൽപശാല

- വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികളെ കണ്ടെത്തി പഠന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നു
- പ്രത്യേക പരിഗണന അർഹിക്കുന്നവരെ കണ്ടെത്തുക
- സർഗാത്മക രംഗത്തിന്റെ പരിപോഷണം

- നേതൃത്വ പരിശീലനം

## മെഡിക്കൽ ക്യാമ്പ്

- കുട്ടിയുടെ ആരോഗ്യ കാര്യങ്ങൾ മനസ്സിലാക്കുന്നു
- കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുന്നു
- ലഹരി മരുന്നുകളിലെ അപകടം തിരിച്ചറിയുന്നു

## അധ്യാപക പരിശീലനം

- അധ്യാപനത്തിലെ നൂതന സാധ്യതകൾ കണ്ടെത്തുക
- സർഗ്ഗാത്മകത പരിപോഷിപ്പിക്കുക
- ഗവേഷണത്വര വളർത്തുക

## സ്കൂൾ പാർലമെൻറ്

- കുട്ടികളുടെ പങ്കാളിത്തത്തോടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നു
- നേതൃത്വ വാസന ചുമതല ബോധം ഇവര രൂപീകരിക്കുന്നതിനുള്ള സാഹചര്യം ഉളവാക്കുന്നു

## പഠന യാത്രകൾ

- വിഷയാധിഷ്ഠിത പഠന യാത്രകൾ ഒരുക്കുന്നു

## സെമിനാർ ,സിമ്പോസിയം

- അതത് മേഖലകളിലെ പ്രഗൽഭരെ ക്ഷണിച്ചുവരുത്തി നടത്തുന്നു
- സമീപപ്രദേശങ്ങളിൽ പങ്കെടുക്കുന്നു

## മേഖല: അക്കാദമികം

## ഉപമേഖല: മലയാളം

### ഭാഷാ പഠനം നമ്മുടെ കാഴ്ചപ്പാട്

ഒരു കുട്ടിയുടെ സമഗ്ര വളർച്ച സാധ്യമാകുന്നത് മാതൃഭാഷയിലൂടെയാണ് ' ഭാഷാ പഠനം അവൻ്റെ വ്യക്തിത്വത്തെ സ്വാധീനിക്കുന്നു .അതിനാൽ മാതൃഭാഷാ പഠനം ഉന്നത നിലവാരത്തിൽ തന്നെയാകണം. സർഗാത്മകമാകണം. അതിനായി ഭാഷാപരമായ പരിമിതികൾ മറികടക്കാനുള്ള ശാസ്ത്രീയമായ രീതികൾ അവലംബിക്കേണ്ടതുണ്ട്. അടിസ്ഥാന ഭാഷാശേഷി വികസിപ്പിക്കുന്നതോടൊപ്പം തന്നെ ഭാഷയുടെ ഉയർന്ന തലങ്ങളിൽ നേടുന്നതിനും വിവരസാങ്കേതിക വിദ്യയുടെ നൂതന മാർഗ്ഗങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് പഠന മികവ് വർദ്ധിപ്പിക്കുന്നതിനും കുട്ടികളെ സഹായിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണം

മലയാളം

| Sl. No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ഉപപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | സർഗാത്മക പ്രവർത്തനങ്ങൾ ഏർപ്പെടുന്നതിന് | പ്രസാധനം ഒരു കുട്ടി ഒരു പുസ്തകം | ക്ലാസ് പ്രവർത്തനങ്ങളിൽ മികച്ചവ ശേഖരിച്ച് സ്വന്തം പുസ്തകം / പതിപ്പ് തയ്യാറാക്കുന്നു | ഒരു വർഷം | മലയാളം അധ്യാപകർ | ഇല്ല |
| 2 | ഭാഷയോട് ആഭിമുഖ്യം വളർത്തുന്നതിന് ഉച്ചാരണ ശുദ്ധി വർദ്ധിപ്പിക്കുന്നതിന് | സിനിമ സംഭാഷണം മനപ്പാഠമാക്കൽ | രേഖാവിഷ്കാരം ശ്രദ്ധേയമായ സിനിമ സംഭാഷണങ്ങൾ ഡൗൺലോഡ് ചെയ്ത് മനപ്പാഠമാക്കുന്നു | ആഗസ്റ്റ് | മലയാളം അധ്യാപകർ | ഇല്ല |
| 3 | വായനയെ വളർത്തുന്നതിന് | വായനാ വസന്തം | പുസ്തക സമാഹരണം വായന മൂല വർത്തമാനപത്രങ്ങൾ ആനുകാലികങ്ങൾ ഇവ സ്കൂളിൽ ലഭ്യമാക്കുന്നു ക്ലാസ് ലൈബ്രറി ക്ലാസ് ലൈബ്രറികൾക്കായി അലമാരകൾ സജ്ജീകരിക്കുന്നു | ഒന്നാം ടേം | മലയാളം അധ്യാപകർ | മാനേജ്മെൻറ് |
| 4. | വിവിധ സാഹിത്യ ശാഖകൾ | ലൈബ്രറി പുസ്തകം വർഗീകരിക്കൽ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ ക്ലാസുകളിൽ എത്തിച്ച് അവയെ | വായന വാരാചരണ | മലയാളം അധ്യാപകർ | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | പരിചയപ്പെടുത്തുന്നതിന് | | സാഹിത്യ ശാഖകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു | ം | | |
| 5. | സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | നമ്മുടെ സാഹിത്യനായകന്മാർ | സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ ശേഖരിച്ചും ഐസിടി സഹായത്തോടെ ഡൗൺലോഡ് ചെയ്തും ചിത്ര പുസ്തകം നിർമ്മിക്കുന്നു ലൈബ്രറിയിൽ പ്രദർശിപ്പിക്കുന്നു | രണ്ടുമാസം | മലയാളം അധ്യാപകർ | പിടിഎ |
| 6 | ഭാഷാ സംസ്കാരം കലാ ഇവയുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പഠനയാത്ര | വിവിധ സാംസ്കാരിക കേന്ദ്രങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുന്നു | രണ്ടാംടേം | മലയാളം അധ്യാപകർ | പി.ടി.എ |
| 7. | വിഷയവുമായി ബന്ധപ്പെട്ട ആഴത്തിലുള്ള അറിവ് | സെമിനാർ | ഒരു ടേമിൽ ഒരു സെമിനാർ എന്ന രീതിയിൽ പാഠഭാഗവുമായി ബന്ധപ്പെടുത്തി സെമിനാർ സംഘടിപ്പിക്കുന്നു | 3 എണ്ണം | മലയാളം അധ്യാപകർ | ഇല്ല |
| 8. | ആസ്വാദന ശേഷി വർദ്ധിപ്പിക്കുന്നതിന് | ഗാനസ്മൃതി | പഴയ കാല സിനിമാ ഗാനങ്ങൾ കണ്ടെത്തി അന്താക്ഷരി സംഘടിപ്പിക്കുന്നു | സർഗ്ഗവേളകൾ | മലയാളം അധ്യാപകർ | ഇല്ല |
| 9. | സർഗ്ഗാത്മക ശേഷി വളർത്തുന്നതിന് | കവി – കവിത – കഥ – അരങ്ങ് | വിവിധ ഭാഗങ്ങളുമായി ബന്ധപ്പെട്ട് കവിതയരങ്ങ് , കവിയരങ്ങ് ഇവ സംഘടിപ്പിക്കുന്നു | 1 വർഷം | മലയാളം അധ്യാപകർ | ഇല്ല |
| 10 | സാഹിത്യകാരന്മാരെ പരിചയപ്പെടുന്നതിന് | റോൾപ്ലേ | പാഠപുസ്തകത്തിലെ സാഹിത്യകാരന്മാരായി വേഷം ഇട്ടു വന്ന കുട്ടികൾ അഭിനയിക്കുന്നു.മറ്റ | ഒരു വർഷം | മലയാളം അധ്യാപകർ | 2000 |

| | | | | | | |
|---|---|---|---|---|---|---|
| | | | കുട്ടികളുമായി അഭിമുഖം നടത്തുന്നു. സർഗ്ഗ വേളകൾ പ്രയോജനപ്പെടുത്തുന്നു ദിനാചരണ വേളകൾ | | | |
| 11. | അക്ഷരങ്ങളും ചിഹ്നങ്ങൾ പരിചയപ്പെട്ടുന്നതിന് | അക്ഷര ചീട്ട് | അക്ഷരങ്ങൾ എഴുതിയ ചീട്ടുകൾ നിർമ്മിക്കുന്നു. ചിഹ്നങ്ങൾ അടങ്ങിയ ചീട്ടുകൾ ബോക്സിൽ നിക്ഷേപിക്കുന്നു. ഉപയോഗിച്ച് ചീട്ട കളിച്ചുകൊണ്ട് വാക്കുകൾ നിർമ്മിക്കുന്നു. | 1 വർഷം | മലയാളം അധ്യാപകർ | 1000 |
| 12. | ഉള്ളടക്കത്തെ പറ്റി വ്യക്തമായ ധാരണ ലഭിക്കുന്നതിന് | ചിത്രോത്സവം | പാഠഭാഗത്തെ സവിശേഷ മുഹൂർത്തങ്ങളെ ആധാരമാക്കി ചിത്രരചന നടത്തുന്നു | ഒന്നാം ടേം | മലയാളം അധ്യാപകർ | 2000 |
| 13. | സാഹിത്യ പ്രചോദനം ലഭിക്കുന്നതിന് | മുഖാമുഖം | പ്രാദേശിക സാഹിത്യകാരന്മാരുമായി മുഖാമുഖം സംഘടിപ്പിക്കുന്നു | ദിനാചരണങ്ങൾ | മലയാളം അധ്യാപകർ | |
| 14. | കലാവാസന വളർത്തുന്നതിന് | പ്രക്ഷേപം നിലയം റേഡിയോ / ടിവി | ഉച്ചസമയത്ത് സ്കൂൾ മൈക്ക് ഉപയോഗിച്ച് സ്കൂൾ റേഡിയോ നടത്തുന്നു കുട്ടികൾക്ക് വിവിധ കലാപ പരിപാടികൾ അവതരിപ്പിക്കാം ഒരു ദിവസം ഒരു ക്ലാസ് ചുമതല ഏറ്റെടുക്കുന്നു | 1 വർഷം | മലയാളം അധ്യാപകർ | 5000 |
| 15. | ചരിത്രബോധം ലഭിക്കുന്നതിന് | ഭാഷാ ചരിത്രരചന | മലയാളഭാഷയുടെ ഉല്പത്തിയ വികാസ പരിണാമങ്ങളും അടങ്ങുന്ന ഭാഷാചരിത്രം നിർമ്മിക്കുന്നു ആവശ്യമായ റഫറൻസ് ഗ്രന്ഥങ്ങൾ നൽകുന്നു .ലൈബ്രറിയിൽ ഒത്തുചേരുന്നു .വിക്കിപീഡിയ പരിശോധിക്കുന്നു. | 2 വർഷം | മലയാളം അധ്യാപകർ | 1500 |

| | | | | | | |
|---|---|---|---|---|---|---|
| 16. | അന്വേഷണ വളർത്തുന്നതിന് | നിഘണ്ടു നിർമ്മാണം | പ്രാദേശികമായി പ്രചാരത്തിലുള്ള വാക്കുകളും പ്രയോഗങ്ങളും ശേഖരിച്ച് പ്രാദേശിക ഭാഷ നിഘണ്ടു നിർമ്മിക്കുന്നു | ഒരു വർഷം | മലയാളം അധ്യാപകർ | 1000 |
| 17. | വായന സംസ്കാരം വളർത്തുന്നതിന് | അമ്മ വായന | കുട്ടികളുടെ സഹായത്തോടെ സ്കൂൾ ലൈബ്രറി വിപുലീകരിക്കുന്നു .വായിക്കാൻ താല്പര്യമുള്ള അമ്മമാർക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. | വായനാദിനം മുതൽ | മലയാളം അധ്യാപകർ | |
| 18. | വായനാശീലം കുട്ടികളിൽ വളർത്താൻ | വായനശാല സന്ദർശനം | സമീപപ്രദേശത്തെ പൊതുവായനശാലയിലേക്ക് ക്ലാസ് അടിസ്ഥാനത്തിൽ സന്ദർശനം നടത്തുന്നു.വായനശാലയുടെ ആഭിമുഖ്യത്തിൽ ചെറുപരിപാടികൾ സംഘടിപ്പിക്കുന്നു | ഒരു വർഷം | മലയാളം അധ്യാപകർ | |
| 19. | നാടകീകരണം- വ്യത്യസ്ത കലാരൂപങ്ങൾ വ്യവഹാര രൂപങ്ങൾ പരിചയിക്കുന്നു. | നാടകോത്സവം | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട മുഹൂർത്തങ്ങൾ നാടക രൂപത്തിൽ അവതരിപ്പിക്കുന്നു. കൂടാതെ കഥാപാത്രങ്ങളെ വേഷവിധാനത്തോടെ രംഗത്ത് അവതരിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | മലയാളം അധ്യാപകർ | |
| 20. | സ്വയം തിരിച്ചറിവ് നേടുന്നു | പ്രശ്നോത്തരി | സാഹിത്യ ചരിത്രം കേരള ചരിത്രം എന്നിവയെ അടിസ്ഥാനമാക്കി പ്രശ്നോത്തരി സംഘടിപ്പിക്കുന്നു .സമ്മാനങ്ങൾ നൽകുന്നു. | പ്രതിമാസം | മലയാളം അധ്യാപകർ | |
| 21. | സാഹിത്യാഭിരുചി വളർത്തുന്നതിന് | പ്രിന്റഡ് മാഗസിൻ | സ്കൂളിലെ ഒരു വർഷത്തെ മികച്ച രചനകൾ കണ്ടെത്തി മാഗസിൻ തയ്യാറാക്കുന്നു | ഒരു വർഷം | മലയാളം അധ്യാപകർ | |

**Area – Academic**

**Sub Area – English**

## OUR VISION

**Give proper training to parents to teach their child letters of English. Parents should be equipped to know the drawbacks of their children. Teachers should prepare indicators and guidelines to assess the child periodically. These guidelines must be prepared incorporated with parents in parent teacher workshop.**

**Time bound plans must be worked out to solve an issue during which no other projects should be soldered. For instance, we plan to teach alphabets within 3 weeks contacting 3 workshops of parents and teachers. Parents also become teachers and teachers play the role of a facilitator. Within these three workshop periods the students must be given a satisfactory training to write and read.**

# English

| S. L No | Aim | Activity | Sub Activity | Duration | In charge | Finance |
|---|---|---|---|---|---|---|
| **1.** | **Reading English** | **Reading based activities** | • Read news paper,magazines,short stories from the reading corner<br>• Reading competitions<br>• loud reading in public group and individually<br>• Reading test using IELTS regarding text materials.<br>• | June – September, 2025 | English School Resource group,club, other staff | P.T.A, management,-Rs. 1000 |
| **2.** | **Enhancing English Writing Skills** | **Writing based activities** | • Short story competitions<br>• Wall magazines<br>• Comic strips making | June-October 2025 | English SRG,English club, | P.T.A – Rs.500 |

| | | | | | | |
|---|---|---|---|---|---|---|
| | | | competitions<br>• Preparations of posters and notice<br>• | | | |
| **3.** | **Improving Communication skills** | **Speaking based activities** | • Conduct competitions like story telling,recitation and elocution<br>• Interview sessions<br>• Debates<br>• Group discussion<br>• Recipe shooting<br>• English skit | June – Marc 2025 | English SRG, English club | NIL |
| **4.** | **Listening English** | **Listening English Activities** | • Listening daily news through school radio<br>• Listening famous speeches and report<br>• Listening English podcast<br>• Language games to enhance listening skill | June – March<br><br>2025 | English SRG, English Club | NIL |
| **5.** | **Wellness on the role of English in the changing world** | **Campaigning the need of English Language** | • Special general P.T.A. and seminar<br>• Discussion- How to solve the problems related to English learning<br>• Formation of core committee for discussion<br>• Data collection finding out the illiterate students. | June - | English SRG, English Club | NIL |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| **6.** | **Mastering of LSRW** | **Activities to improve LSRW** | • Assessment and repetition of previous activities in order. | November-December | English SRG, English club | NIL |
| **7.** | **Evaluation** | **Check List** | • Check list provided to students,staff and parents to evaluate the activities took place previously | January | English SRG | NIL |
| **8.** | **Mending up** | **Remedial measures** | • Screening of the weaker students<br>• Simplified activities in same order | January-February | English SRG | NIL |
| **9.** | **Awareness on establishing language lab** | **Seminar demonstration** | • Seminar for PTA executive<br>• Demonstrate the need of a language lab | February | | NIL |
| **10.** | **Wider access to language learning** | **Language lab activities** | • Establishing a language lab<br>• Inauguration of the language lab<br>• Access to language based professions | February to March | English SRG | NIL |

മേഖല : അക്കാദമികം

ഉപമേഖല : ഹിന്ദി

**ആമുഖം**

നമ്മുടെ രാഷ്ട്രഭാഷയാണ് ഹിന്ദി .ഇന്ത്യയിൽ കേന്ദ്രസർക്കാരിന്റെയും ഉത്തരമദ്ധ്യ ഭാരതത്തിലെ പല സംസ്ഥാന സർക്കാരുകളുടെയും ഔദ്യോഗിക ഭാഷയാണ് ഹിന്ദി . 1953– 54 വിദ്യാഭ്യാസ വർഷം കേരളത്തിലെ എല്ലാ മിഡിൽ സ്കൂളുകളിലും ഹൈസ്കൂളുകളിലും ഹിന്ദി നിർബന്ധിത വിഷയമാക്കി. ഒരു വ്യക്തിയുടെ ജീവിത മേഖലകളിൽ ഹിന്ദിക്കുള്ള പങ്ക് വളരെ വലുതാണ്. ഒരു വിദ്യാർത്ഥിയുടെ ഭാഷാപരമായ സമഗ്രവളർച്ചയ്ക്ക് ഹിന്ദി പഠനം സഹായിക്കുന്നു .ഹിന്ദി ഭാഷയിൽ പ്രാവീണ്യം നേടുന്നതിനായി വിവരസാങ്കേതികവിദ്യയുടെ നൂതന മാർഗ്ഗങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് പഠന മികവ് വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ നടത്തപ്പെടുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | |
|---|---|---|
| അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു ഉച്ചാരണം പരിചയപ്പെടുത്തുന്നു അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽസഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു | |
| ആഴ്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | ക്ലാസിലെ ഓരോ വിദ്യാർത്ഥിയോടും ജനനതീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കാൻ കഴിയുന്നു | കേട്ടെഴുത്ത് ,പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ കാർട്ടൂൺ ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | |
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു | വർക്ക് ഷീറ്റുകൾ നൽകുന്നു ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. ചിഹ്നങ്ങൾ ഉള്ള ഭാഗങ്ങൾ നൽകുന്നു | |
| നാമം വിശേഷണം സർവനാമം | ചാർട്ടുകൾ നൽകുന്നു | |

| | | |
|---|---|---|
| ക്രിയ എന്നിവ മനസ്സിലാക്കുന്നു വാക്യഘടന പരിചയപ്പെടുത്തുന്നു. കാലങ്ങൾ  പരിചയപ്പെടുത്തുന്നു. | കാലം ,വിഭക്തി, സർവ്വനാമം എന്നിവ കണ്ടെത്താൻ പറയുന്നു. സൂചന ബോർഡുകൾ കാണിച്ച് വേറൊരു വിഷയം നൽകിക്ലാസിൽ പ്രദർശിപ്പിക്കാൻ പറയുന്നു. | |
| പോസ്റ്റ് തയ്യാറാക്കാൻ പഠിപ്പിക്കുന്നു.കവിത വായിച്ച് ആശയം തയ്യാറാക്കാൻ പഠിപ്പിക്കുന്നു ഡയറി പരിചയപ്പെടുത്തുന്നു | പോസ്റ്ററിന്റെ മോഡൽ നൽകുന്നു വിവിധ വിഷയങ്ങൾ നൽകുന്നു . ക്ലാസ്സിൽ അവതരിപ്പിക്കുന്നു ചെറിയ കവിത നൽകി ആശയം ക്ലാസിൽ അവതരിപ്പിക്കാൻ പറയുന്നു. സ്വന്തം ഡയറി തയ്യാറാക്കി കൊണ്ടുവരാൻ പറയുന്നു. | |
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വിവിധ പ്രവർത്തനങ്ങൾ നടക്കുന്നു | ചെറിയ നാടകം ,കഥ എന്നിവ അവതരിപ്പിക്കുന്നു സംഭാഷണം തയ്യാറാക്കാൻ പറയുന്നു. | |
| ഹിന്ദി ദിനം, പ്രേംചന്ദ് ദിനം, ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു ഓരോ കുട്ടിയുടെയും മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു | പ്രശ്നോത്തരി / കഥ / കവിത പ്രസംഗം /പോസ്റ്റർ / ഉപന്യാസം എന്നിവ സംഘടിപ്പിക്കുന്നു | |
| അനൗൺസ്മെൻറ്, കഥ, തിരക്കഥ ,ഡയറി ,കത്ത് ,കുറിപ്പ് എന്നിവ തയ്യാറാക്കുവാൻ അറിയുന്നു | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു .കഥാപാത്രത്തെ നോക്കി കുറിപ്പ് എല്ലാ ദിവസവും ഡയറി എന്നിവ എഴുതുവാൻ ഉള്ള നിർദ്ദേശം നൽകുന്നു | |

## മേഖല :അക്കാദമികം

## ഉപമേഖല : സോഷ്യൽ സയൻസ്

**ആമുഖം**

ജീവിതത്തിൻറെ സമസ്ത മേഖലകളും അനുനിമിഷം മാറിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കിടയിൽ വിദ്യാഭ്യാസരംഗത്ത് നവീനമായ ഒട്ടേറെ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. നമ്മുടെ ഉത്തരവാദിത്വവും സ്കൂൾ പാടിയ പദ്ധതി അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നമ്മൾ സമഗ്ര വികസന പരിപാടികൾ ആസൂത്രണം ചെയ്യണം. കാലാനുസൃത വിദ്യാഭ്യാസംപഠിതാവിന് നൽകണം .അറിവ് ഗ്രഹിച്ച് പ്രായോഗിക തലത്തിലേക്ക് കൊണ്ടുവരാൻ പഠിതാവിനെ സജ്ജമാക്കണം.

ഇന്നലെയുടെ വസ്തുനിഷ്ഠമായ വിലയിരുത്തലുകളെ ഇന്നി പ്രാവർത്തിക രൂപത്തിലേക്ക് കൊണ്ടുവരാൻ പരിമിതികൾ ഏറെയുണ്ട് മനുഷ്യ സമൂഹം പുരോഗതിയിലേക്ക് കുതിക്കുമ്പോൾ ആഗോളവൽക്കരണവും കച്ചവടവൽക്കരണവും നടക്കുമ്പോൾ കുട്ടികളുടെ ഭൗതിക വികാസത്തിന് പശ്ചാത്തലം ഒരുക്കിയില്ലെങ്കിൽ അവർ പിൻനിരയിലേക്ക് തള്ളപ്പെടും .പുറത്തേക്ക് തുറന്നിടുവാൻ കുട്ടികളെ സജ്ജരാക്കേണ്ടത് നമ്മുടെ ബാധ്യതയാണ് വിദ്യാഭ്യാസ അവകാശ നിയമം 2009 പ്രകാരം കുട്ടിയുടെ സർവകമായി വളർച്ച ഉറപ്പാക്കേണ്ടതുണ്ട്. ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ ത്വരിത ഗതിയിലുള്ള വികസനത്തിന് അനുസൃതമായ മാറ്റങ്ങൾ പാഠ്യ പാഠ്യേതരമേഖലകളിൽ വരേണ്ടതുണ്ട്.

പഠനം മനുഷ്യനെ അമൂല്യ ജീവിയാക്കി മാറ്റുന്ന പ്രക്രിയയാണ്. മനുഷ്യജീവിതത്തിന്റെ വളർച്ചയും വികാസവും വിശകലനം ചെയ്ത് ആധുനിക ജീവിത സമസ്യകൾക്ക് അനുസരിച്ചുള്ള സാമൂഹ്യ ജീവിതം ചിട്ടപ്പെടുത്തുവാൻ വിദ്യാർഥികളെ പ്രാപ്തരാക്കുന്ന വിഷയമാണ് സാമൂഹ്യ ശാസ്ത്രം .ഈ ലക്ഷ്യം നേടുന്നതിന് ഭൂമിക്കും പ്രകൃതിക്കും വന്ന മാറ്റങ്ങളെക്കുറിച്ചും മനുഷ്യവംശം പിന്നിട്ട വഴികളെക്കുറിച്ചും വ്യക്തമായ അറിവ് നേടണം അക്കാദമിക സാമൂഹിക തലത്തിൽ ഈ ലക്ഷ്യം ഒരു പരിധി വരെ നേടുവാനേ കഴിഞ്ഞിട്ടുള്ളൂ.

### സോഷ്യൽ സയൻസ്

| Sl. No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ഉപപ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ഭൂമിശാസ്ത്ര സാമൂഹ്യശാസ്ത്ര പഠന കേന്ദ്രമാക്കി മാറ്റുക | വാന നിരീക്ഷണ സംവിധാനം ഉണ്ടാക്കുക | സെൻസർ അടങ്ങിയ ബൈനോക്കുലർ, നക്ഷത്രബംഗ്ലാവ് ,പുരാവസ്തു ശേഖരണം , ആനുകാലിക ഉപകരണ ശേഖരണം | ഒരു വർഷം | SS അധ്യാപകർ | സ്കൂൾ മാനേജ്മെൻറ് |
| 2 | ഭൂമിയുടെ ഭൗതിക സവിശേഷതകൾ വ്യക്തമായി അറിയുന്നു | സ്മാർട്ട് റൂം | ഐസിടി സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി സഞ്ചാരം തുടങ്ങിയ സിഡികളിലൂടെ മൂർത്തമായതിലേക്ക് പഠിതാവിനെ എത്തിക്കുന്നു | 6 മാസം | SS അധ്യാപകർ | SS ക്ലബ്ബ് |

| | | | | | | |
|---|---|---|---|---|---|---|
| 3 | സോഷ്യൽ സയൻസ് ഫെസ്റ്റ് സംഘടിപ്പിക്കുക | 8 ,9, 10 ക്ലാസുകളിൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ക്ലാസുകളിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാൻ. പ്രാദേശിക രചനകൾ മോഡലുകൾ, പുസ്തകരൂപത്തിലുള്ള ക്വിസ് പ്രസംഗങ്ങൾ തുടങ്ങിയവ, പഠനോപകരണങ്ങൾ, ചെറിയ വലിയ ഭൂപടങ്ങൾ | 3 മാസം | SS അധ്യാപകർ | ക്ലാസ്സ് തലം |
| 4. | സെമിനാറുകൾ സംഘടിപ്പിക്കുക | 8 ,9, 10 ക്ലാസുകളിലെ സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട സെമിനാറുകൾ സംഘടിപ്പിക്കുക. | വിഷയങ്ങൾ മുൻകൂട്ടി നൽകുക. വിവരശേഖരണം – അവതരണം – ചർച്ച – ക്രോഡീകരണം – റിപ്പോർട്ട് തയ്യാറാക്കൽ. | 3 ആഴ്ച | SS അധ്യാപകർ | സ്കൂൾ |
| 5. | അഭിമുഖങ്ങൾ നടത്തുക | സമൂഹത്തിലെ പ്രസക്ത വ്യക്തികളെ കണ്ടെത്തി അവരുമായി സംവദിക്കാനുള്ള അവസരം കുട്ടികൾക്ക് നൽകുക. | അനുയോജ്യരായ വ്യക്തികളെ കണ്ടെത്തലും ക്ഷണിക്കലും ചോദ്യാവലി തയ്യാറാക്കുന്നു സ്ഥലം, സമയം നിശ്ചയിക്കൽ, അഭിമുഖം ,റിപ്പോർട്ട്. തയ്യാറാക്കൽ ,റിപ്പോർട്ട് അവതരണം. | | SS അധ്യാപകർ | പിടിഎ |
| 6 | ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക | സ്ഥലങ്ങൾ നിശ്ചയിക്കുന്നു | ആസൂത്രണം നിർവഹണം റിപ്പോർട്ട് തയ്യാറാക്കൽ | ആറുമാസം | SS അധ്യാപകർ | പി.ടി.എ |
| 7. | പത്ര നിർമ്മാണം | പത്ര നിർമ്മാണം, ബുള്ളറ്റിൻ ബോർഡ് തയ്യാറാക്കുന്നു. | സ്കൂൾ വാർത്തകൾ സ്കൂൾ പത്രത്തിൽ പ്രസിദ്ധീകരിക്കുന്നു കുട്ടികളുടെ സർഗ്ഗവാസനയെ പരിപോഷിപ്പിക്കുന്നു.രചനകൾ ചിത്രങ്ങൾ എന്നിവയെല്ലാം പ്രദർശിപ്പിക്കുന്നു. | രണ്ടുമാസം | SS അധ്യാപകർ | പിടിഎ |

| | | | | | | |
|---|---|---|---|---|---|---|
| 8. | ചരിത്ര നാടക ആവിഷ്കാരം | പാഠഭാഗവുമായി ബന്ധപ്പെട്ട ചരിത്ര നാടകങ്ങൾ ആസ്വാദ്യകരമാവിധം അവതരിപ്പിക്കൽ | വിഷയം തിരഞ്ഞെടുക്കുന്നു. സ്ക്രിപ്റ്റ് തയ്യാറാക്കുന്നു. കഥാപാത്രങ്ങളെ നിശ്ചയിക്കുന്നു .സംവിധാനം, അവതരണം. | 3 ആഴ്ച | SS അധ്യാപകർ | സ്കൂൾ |
| 9. | സംവാദങ്ങൾ സംഘടിപ്പിക്കുന്നു | ആനുകാലിക സംഭവങ്ങൾ | വിഷയം കണ്ടെത്തുന്നു | ഹ്രസ്വ കാലം | SS അധ്യാപകർ | സ്കൂൾ |

| | | | | | |
|---|---|---|---|---|---|
| 10 | ഡിജിറ്റൽ ആൽബം തയ്യാറാക്കുന്നു | വിഷയാധിഷ്ഠിത ചിത്രങ്ങൾ അടങ്ങുന്ന ഡിജിറ്റൽ ആൽബം തയ്യാറാക്കുന്നു | ഐസിടി സംവിധാനങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ ഡൗൺലോഡ് ചെയ്ത് ആൽബം തയ്യാറാക്കുന്നു | ഹ്രസ്വകാലം | 2000 |
| 11. | സ്കൂൾ റേഡിയോ ടെലിവിഷൻ എന്നിവയിലൂടെ ആനുകാലിക സംഭവങ്ങളെ കുറിച്ചുള്ള അഗാധമായ അറിവുകൾ സ്വായത്തമാക്കുക | ഒഴിവു സമയങ്ങളിൽ വിദ്യാർത്ഥികൾ വിവിധ വിഷയങ്ങളിൽ സ്കൂൾ റേഡിയോ നടത്തുന്നു | ഓരോ ക്ലാസുകളായി ചുമതലകൾ ഏറ്റെടുത്ത് ഉച്ച സമയങ്ങളിലും മറ്റും വാർത്തകൾ വായിക്കുന്നു. | ദീർഘകാലം | 12000 |
| 12. | ഐസിടി സംവിധാനങ്ങൾ ഉൾപ്പെടുത്തി സ്മാർട്ട്റൂമിനെ മിനി തിയേറ്റർ സംവിധാനത്തിലേക്ക് ഉയർത്തുക | ചരിത്ര സിനിമകൾ പ്രദർശിപ്പിക്കുന്നതിനുള്ള തിയേറ്റർ സംവിധാനങ്ങൾ ഒരുക്കുന്നു | സി ഡി ശേഖരണം വിവിധ സ്ലൈഡുകൾ ,പ്രോജക്ടുകൾ സിനിമകൾ തുടങ്ങിയവ നിർമ്മിച്ച് സിഡി ആക്കി സൂക്ഷിക്കുന്നു | ഹ്രസ്വകാലം | സ്കൂൾ |
| 13. | പ്രാദേശിക | വിദ്യാലയത്തിന്റെയും | സ്ഥലങ്ങൾ | ഹ്രസ്വകാലം | |

| | | | | | |
|---|---|---|---|---|---|
| | ചരിത്രരചന | സമീപപ്രദേശങ്ങളുടെയു ം ചരിത്രരചന | തീരുമാനിക്കുന്ന ഗ്രൂപ്പ് ആയി തിരിയുന്ന മുതിർന്ന സ്ഥലവാസികളുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ വ്യക്തവും സൂക്ഷ്മവുമായ വിവരങ്ങൾ ശേഖരിച്ച് രചന നടത്തുന്നു | | |
| 14. | സ്കൂൾ പാർലമെൻറ് പ്രവർത്തന ങ്ങൾ ശക്തിപ്പെട്ടു ത്തൽ,CWSN പങ്കാളിത്തം ഉറപ്പുവരുത്തു ന്നു | ആഭ്യന്തരം കായികം ആരോഗ്യം വിദ്യാഭ്യാസം ശുചിത്വം ധനകാര്യം സൗന്ദര്യവൽക്കരണം തുടങ്ങിയ മേഖലകളുടെ പ്രവർത്തനങ്ങൾ സ്കൂൾ പാർലമെൻറിലെ മന്ത്രിമാരുടെ മേൽനോട്ടത്തിൽ കാര്യക്ഷമമായി പങ്കാളികളാക്കിക്കൊ ണ്ട് ആത്മാർത്ഥമായി നിർവഹിക്കുക | ക്ലാസ് സഭ രണ്ടാഴ്ചയിൽ ഒരിക്കൽ നടത്തുന്നു. മോക് അസംബ്ലി, മോക് പാർലമെൻറ് എന്നിവ സ്കൂളിൽ നടത്തുന്നു | ദീർഘകാലം | CWSN |
| 15. | ജനാധിപത്യ ആശയങ്ങൾ കുട്ടികളിലേ ക്ക് എത്തിക്കുക | ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ഉപയോഗിച്ച് തെരഞ്ഞെടുപ്പ് നടത്തുന്നു | ഭരണഘടനയുടെ മാതൃക കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു | ഹ്രസ്വകാലം | സ്കൂൾ |
| 16. | നിയമപദേശ ം നൽകുക CWSN പങ്കാളിത്തം | ലീഗൽ സർവ്വീ സൊസൈറ്റി CWSN കുട്ടികളുടെ പങ്കാളിത്തത്തോടെ മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലികൾക്ക് നിയമം ഉപദേശകർ ഉത്തരം നൽകുന്നു | പ്രാഥമിക നിയമപദേശത്തിനായി ലീഗൽ സൊസൈറ്റിയിലെ വക്കീലന്മാരുടെ സേവനം ലഭ്യമാക്കുന്നു നിയമപാഠം പുസ്തകം എല്ലാ കുട്ടികൾക്കും വിതരണം ചെയ്യുന്നു | ഒരു മാസം | 1000 |

മേഖല: അക്കാദമിയം

ഉപമേഖല : ശാസ്ത്രം

**ആമുഖം**

മനുഷ്യൻ ഇന്നുവരെ നേടിയ അനുഭവങ്ങളുടെ ആകെത്തുകയാണ് ശാസ്ത്രം . ഒരു വ്യക്തിക്ക് ഉണ്ടാവുന്ന അനുഭവം അതേ സാഹചര്യത്തിൽ മറ്റ വ്യക്തികൾക്കും ഉണ്ടാകുന്നുവെങ്കിൽ അവ ശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നു.കാഴ്ച, കേൾവി, രുചി, സ്പർശം ,ഗന്ധം എന്നിവയിലൂടെയാണ് ചുറ്റുപാടുകൾ നമുക്ക് അനുഭവപ്പെടുന്നത്.മുന്നറികളുടെ അടിസ്ഥാനത്തിൽ ശരിയായി നടത്തുന്ന വിശകലനം പുതിയ അറിവിന്റെ നിർമ്മിതിയിലേക്ക് നയിക്കും.നിർമ്മിക്കപ്പെടുന്ന ഓരോ അറിവും അടുത്ത അന്വേഷണത്തിലേക്കുള്ള വാതിലുകളാണ്.വ്യക്തമായ ചോദ്യങ്ങൾ ചോദിക്കുകയും പ്രസക്തമായ വിവരങ്ങൾ ശേഖരിക്കുകയും വിശകലനം നടത്തുന്നതിനും കുട്ടി പ്രാപ്തനാകുന്നതിലൂടെ ഉണ്ടാകുന്ന സമൂഹത്തിൽ അന്ധവിശ്വാസങ്ങളും അബദ്ധ ധാരണ നിലനിൽക്കില്ല.അതിനാൽ ശാസ്ത്രം ശക്തമായ ഒരു രക്ഷാകവചം കൂടിയാണ്

ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.കൗതുകം ,നിരീക്ഷണ പാടവം. ജിജ്ഞാസ എന്നിവ പരിപോഷിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ ചെയ്യാനുള്ള അവസരങ്ങൾ നൽകുന്നു. മോഡലുകൾ നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം. ശാസ്ത്രപ്രദർശന സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പിടിഎ |
| 2. നിരന്തരമായി | ശാസ്ത്രജ്ഞരെ | അക്കാദമിക വർഷം | സയൻസ് | സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്ന | പരിചയപ്പെടുത്തൽ (ഒരു മാസത്തിൽ രണ്ടുപേരെ വീതം) സെമിനാർ അവതരണം ക്വിസ് മത്സരം സംഘടിപ്പിക്കൽ | | അധ്യാപകർ | |
| 3.മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | സയൻസ് ലാബ് ക്രമീകരണം ശുചീകരണം, ആധുനികവൽക്കരിക്കൽ, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | ജൂൺ ജനുവരി | സയൻസ് അധ്യാപകർ | പിടിഎ |
| ആരോഗ്യം വ്യായാമം ഇവയെ കുറിച്ചുള്ള അവബോധം വളർത്തുക | ബോഡി മാസ് ഇൻഡക്സ് കണ്ടെത്തൽ എക്സർസൈസുകൾ ചെയ്യുന്ന ബോധവൽക്കരണ ക്ലാസ് | അക്കാദമിക വർഷം | സയൻസ് അധ്യാപക എസ് പി സി പിടി ക്ലബ് | പിടിഎ |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോദ ക്യാമ്പസ് വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ പരിസ്ഥിതി ദിനാഘോഷം | അക്കാദമിക വർഷം | നേച്ചർക്ലബ്ബ്, സീഡ് ക്ലബ്ബ്, സയൻസ് ക്ലബ്ബ് | തദ്ദേശീയ ക്ലബുകൾ |
| മഴക്കാല രോഗങ്ങൾ | ഡ്രൈ ഡേ ആചരണം ആരോഗ്യം – ബോധവൽക്കരണ ക്ലാസ് ശുദ്ധജല ലഭ്യത | ജൂൺ, ജൂലൈ | അധ്യാപകർ,PTA | |

| | | | | |
|---|---|---|---|---|
| മഴക്കാല ശുചീകരണം | സ്കൂൾ പരിസരം വൃത്തിയാക്കൽ ക്ലാസ് റൂം ക്ലീനിങ് | ജൂൺ | PTA, അധ്യാപകർ, കുട്ടികൾ | PTA |
| ദിനാചരണം പരിസ്ഥിതി ദിനം | വൃക്ഷത്തൈ നടൽ പരിസ്ഥിതി ദിന ക്വിസ് പോസ്റ്റർ നിർമ്മാണം പ്രസംഗം പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള ക്രാഫ്റ്റ് വർക്ക് ജൈവ അജൈവമാലിന്യങ്ങൾക്ക് ഓരോ ക്ലാസ് റൂമിലും രണ്ട് വെസ്റ്റ് ബിൻ | ജൂൺ | അധ്യാപകർ വിദ്യാർത്ഥികൾ | |
| പ്രഥമശിശ്രൂഷ | ബോധവത്കരണ ക്ലാസ് പ്രഥമ ശിശ്രൂഷാ പരിശീലനം | ജൂലൈ, ഓഗസ്റ്റ് | അധ്യാപകർ | PTA |

മേഖല: അക്കാദമികം

ഉപമേഖല: ഗണിതം

**ആമുഖം**

കേരളത്തിൻറെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഇന്ത്യക്ക് മുഴുവൻ മാതൃകയായി കൊണ്ടിരിക്കുകയാണ്. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയത്തിൽ എത്തിക്കാൻ കഴിഞ്ഞെങ്കിലും എല്ലാവർക്കും ഗുണമേന്മ വിദ്യാഭ്യാസം എന്നത് ഇപ്പോഴും ഒരു വെല്ലുവിളിയായി തുടരുന്നു. എല്ലാ സ്കൂളുകളും ഹൈടെക് ആകുന്നതോടുകൂടി ഈ അവസ്ഥയ്ക്ക് ഒരു പരിധിവരെ മാറ്റം ഉണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം

ഗണിതം

| Sl. No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഗണിതത്തോട് താല്പര്യം ജനിപ്പിക്കുകഗണിതം മധുരം | ഗണിതം മധുരം | വർഷത്തിൽ മൂന്ന് തവണ | ഗണിത അധ്യാപകർ | പിടിഎ |
| 2 | ചതുഷ്ക്രിയകളുടെ ആവശ്യകത ബോധ്യപ്പെടുത്തുക | ഗണിതം ലളിതം | ജൂൺ ജൂലൈ | ഗണിത അധ്യാപകർ | ഇല്ല |
| 3 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജോമട്രിക്കൽ ചാർട്ട് നിർമ്മാണവും പ്രദർശനവും | തുടർപ്രവർത്തനം | ഗണിത അധ്യാപകർ | ഇല്ല |
| 4. | ഗണിതശാസ്ത്രജ്ഞന്മാരെ അറിയാൻ | ജീവചരിത്രം | ഓഗസ്റ്റ് -ഡിസംബർ | | |
| 5. | സംഖ്യകളുടെ ഭംഗി അറിയുന്നു | സംഖ്യാ ലോകം | ജൂൺ -ജനുവരി | ഗണിതാധ്യാപകർ | |
| 6 | കാര്യകാരണ ബന്ധത്തോടെ വിശകലനം ചെയ്യാനുള്ള കഴിവ് | അക്ഷര ഗണിതം | ജൂൺ -ജനുവരി | ഗണിതാധ്യാപകർ | |
| 7. | ജ്യാമിതീയ രൂപങ്ങൾ അറിയുന്നു | ക്ഷേത്ര ഗണിത കാഴ്ചകൾ | ജൂൺ -ജനുവരി | ഗണിതാധ്യാപകർ | |
| 8. | എല്ലാ കുട്ടികളെയും ഉയർന്ന നിലവാരത്തിൽ എത്തിക്കുന്നതിന് | പരിഹാര ബോധനം | ജനുവരി -മാർച്ച് | ഗണിതാധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 9. | ഗണിത പഠനം പരീക്ഷണ നിരീക്ഷണങ്ങളില്ലൂടെ ആസ്വദിക്കുന്നതിന് | ഗണിത ലാബ് | ജൂൺ -മാർച്ച് | ഗണിതാധ്യാപകർ | |
| 10 | ഗണിത മത്സരവേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിൻ്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | ജൂലൈ -ഡിസംബർ | ഗണിതാധ്യാപകർ | |

## ഭിന്നശേഷിയുള്ള കുട്ടികളുടെ മുഖ്യധാരാ വിദ്യാഭ്യാസം

പൊതുവിദ്യാലയത്തിൽ പഠിക്കുന്ന ഭിന്നശേഷിയുള്ള കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്നതിന് വേണ്ടി ധാരാളം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്.അവർ ഒരേ സമൂഹത്തിൽ ജനിക്കുന്നവരും എല്ലാവരോടും ഒപ്പം ജീവിക്കുന്നവരുമാണ് വിദ്യാഭ്യാസ കാലത്തിനു ശേഷം ഇവർ ഇടപ്പെടുന്നത് ഈ സമൂഹത്തിലാണ് .അതുകൊണ്ട് മുഖ്യധാരയിൽ ഉൾപ്പെട്ടുകൊണ്ട് വളരാനും വികസിക്കാനുമുള്ള അവസരമാണ് വിദ്യാഭ്യാസ കാലത്തു ലഭിക്കേണ്ടത്.സാധാരണ കുട്ടികളുടെ കൂടെ പാഠഭാഗങ്ങളിൽ അനുരൂപീകരണം നടത്തി ക്ലാസ് റൂമിൽ പ്രത്യേക പരിഗണനയും ശ്രദ്ധയും നൽകിക്കൊണ്ട് ഇവരെ സമൂഹത്തിൽ നിന്നും മാറ്റി നിർത്താതെ ഒരു സമൂഹജീവിയായി മാറ്റിയെടുക്കുക എന്നുള്ളതാണ് സങ്കലിത വിദ്യാഭ്യാസത്തിൻ്റെ പ്രഖ്യാപിത ലക്ഷ്യം.

| Sl. No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭിന്നശേഷിയുള്ള കുട്ടികളുടെ സർവതോമുഖമായ ഉന്നമനം ലക്ഷ്യമാക്കി പരിഹാരബോധനം , തെറാപ്പികൾ | കുട്ടികൾക്ക് പരിഹാരബോധനവും തെറാപ്പിയും നൽകുന്നു | ദീർഘകാലം | റിസോഴ്സ് ടീച്ചർ,ക്ലാസ് അധ്യാപകർ | മാനേജ്മെൻറ്, പിടിഎ, സംഭാവനകൾ |
| 2 | ഭിന്നശേഷിയുള്ള കുട്ടികളെ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനും അവരുടെ കഴിവുകൾ | തയ്യൽ പരിശീലനം, കവർ നിർമാണം ,ചോക്ക്, മെഴുകുതിരി നിർമ്മാണം, തുടങ്ങിയവ പരിശീലിക്കുവാനു ള്ള ഇടം | ദീർഘകാലം | റിസോഴ്സ് ടീച്ചർ,ക്ലാസ് അധ്യാപകർ | മാനേജ്മെൻറ്, പിടിഎ, സംഭാവന |

| | | | | | |
|---|---|---|---|---|---|
| | പ്രകടിപ്പിക്കുന്നതിനും ഉള്ള അവസരം | | | | കൾ |
| 3 | പലതരത്തിലുള്ള വൈകല്യങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്ക് അവരുടെ വൈകല്യത്തിന് തീവ്രത കുറയ്ക്കുവാൻ | സ്പീച്ച് തെറാപ്പി, ഫിസിയോതെറാപ്പി ,എന്നിവ ആവശ്യമായ കുട്ടികൾക്ക് അവ നൽകുന്നു | ദീർഘ കാലം | തെറാപ്പിസ്റ്റ് | മാനേജ് മെൻറ്, പിടിഎ, സംഭാവന കൾ |
| 4 | കേൾവി തകരാറുള്ള കുട്ടികൾക്ക് കേൾവി പരിശോധന നടത്തുന്നതിന് | ഓഡിയോ മീറ്റർ | ദീർഘ കാലം | റിസോഴ്സ് ടീച്ചർ,ക്ലാസ് അധ്യാപകർ | മാനേജ് മെൻറ്, പിടിഎ, സംഭാവന കൾ |
| 5 | കേൾവി പരിശോധന നടത്തി ആവശ്യമായ സഹായ ഉപകരണങ്ങൾ നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നു | ശാരീരിക മാനസിക വെല്ലുവിളികൾ അനുഭവിക്കുന്ന കുട്ടികൾക്കായി സിക്ക് റൂം ആവശ്യമാണ്. | ദീർഘ കാലം | റിസോഴ്സ് ടീച്ചർ,ക്ലാസ് അധ്യാപകർ | മാനേജ് മെൻറ്, പിടിഎ, സംഭാവന കൾ |
| 6 | ശാരീരിക മാനസിക വെല്ലുവിളികൾ അനുഭവിക്കുന്ന കുട്ടികൾക്ക് അവരുടെ അവശതകളിൽ പ്രത്യേക ശുശ്രൂഷകളും മതിയായ വിശ്രമവും ലഭിക്കുന്നതിന് | ശാരീരിക മാനസിക വെല്ലുവിളികൾ അനുഭവിക്കുന്ന കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നതിന് | കുട്ടിക ളിലെ കായി ക മികവ് കണ്ടെ ത്താനു ം വിവിധ തര ത്തില്യ ള്ള എക്സർ | റിസോഴ്സ് ടീച്ചർ,ക്ലാസ് അധ്യാപകർ | മാനേജ് മെൻറ്, പിടിഎ, സംഭാവന കൾ |

| | | | | | |
|---|---|---|---|---|---|
| | | | സൈസുകൾ ചെയ്യാനം | | |
| 7 | പ്രാഥമിക ആവശ്യങ്ങൾക്ക് വേണ്ടി | ശാരീരിക മാനസിക വെല്ലുവിളികൾ അനുഭവിക്കുന്ന കുട്ടികൾക്ക് അഡാപ്റ്റഡ് ടോയ്ലറ്റ് ആവശ്യമാണ് | ദീർഘകാലം | റിസോഴ്സ് ടീച്ചർ,ക്ലാസ് അധ്യാപകർ | മാനേജ് മെൻറ്, പിടിഎ, സംഭാവനകൾ |
| 8 | ഐസിടി സാധ്യതകൾ കുട്ടികളിൽ എത്തുന്നതിന് | കണ്ടും കേട്ടും ആശയങ്ങളെ മനസ്സിലാക്കുന്നതിന്. പഠനം ലളിതമാക്കുന്നു. | ദീർഘകാലം | റിസോഴ്സ് ടീച്ചർ,ക്ലാസ് അധ്യാപകർ | മാനേജ് മെൻറ്, പിടിഎ, സംഭാവനകൾ |
| 9 | ശാരീരിക പ്രയാസങ്ങൾ അനുഭവിക്കുന്ന കുട്ടികൾക്ക് പഠനം ലളിതമാക്കുന്നതിന് | ഓരോ കുട്ടികൾക്കും അവരവരുടെ വൈകല്യങ്ങൾക്ക് അനുസരിച്ചുള്ള ഉപകരണങ്ങൾ അത്യാവശ്യമാണ്. കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് ബ്രയ്ലി കിറ്റിൻ്റെ സഹായത്തോടെ മാത്രമേ പഠനം സാധ്യമാകു. | ദീർഘകാലം | റിസോഴ്സ് ടീച്ചർ,ക്ലാസ് അധ്യാപകർ | മാനേജ് മെൻറ്, പിടിഎ, സംഭാവനകൾ |
| 10 | ഭൗതിക സാഹചര്യങ്ങളുടെ അനുരൂപീകരണം | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കൂളിൽ എവിടെയും എത്തുന്നതിന് കെട്ടിടത്തിൽ റാംപ് ,റെയിൽ എന്നിവ അത്യാവശ്യമാണ് | ദീർഘകാലം | റിസോഴ്സ് ടീച്ചർ,ക്ലാസ് അധ്യാപകർ | മാനേജ് മെൻറ്, പിടിഎ, സംഭാവനകൾ |

## മേഖല: അക്കാദമികം

## ഉപമേഖല : കലാ വിദ്യാഭ്യാസം

**ആമുഖം**

ലോകത്തിൻ്റെ ഏത് ഭാഗത്തുള്ളവർക്കും ആശയവിനിമയം നടത്താൻ കഴിയുന്ന സാർവലൗകിക ഭാഷയാണ് കല .ശില്പകല, ചിത്രകല, സംഗീതം, നാടകം, നൃത്തം, സിനിമ, എന്നീ മേഖലകളാണ് കലാ പഠനത്തിനുള്ളത്.കുട്ടികളിൽ കലാസ്വാദനം വർദ്ധിപ്പിക്കുക മേൽപ്പറഞ്ഞ മേഖലകളിൽ അവരുടെ കഴിവും ശേഷിയും വികസിപ്പിക്കുക എന്ന ഉദ്ദേശ്യങ്ങളാണ് കലാപഠനം ലക്ഷ്യമിടുന്നത്.

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ഉപ പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | കുട്ടികൾക്ക് സ്വന്തമായി നൃത്തം ചെയ്യുവാനും പടം വരയ്ക്കുവാനും സംഗീത അഭ്യസിക്കുവാനും | ആർട്ട് റൂട്ട് നിർമ്മാണം | കുട്ടികൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുവാൻ ഉള്ള അവസരം നൽകണം | ദീർഘകാലം | അധ്യാപകൻ | പിടിഎ സംഭാവനകൾ |
| 2 | പ്രശസ്ത കലാകാരന്മാരുടെ സംഗീത ഉപകരണങ്ങൾ ചിത്രങ്ങൾ പ്രദർശിപ്പിക്കൽ | ആർട്ട് ഗ്യാലറി നിർമ്മാണം | കുട്ടികളുടെ രചനകൾ കൂടി ഉൾപ്പെടുത്താം | ഹ്രസ്വകാലം | അധ്യാപകൻ | പിടിഎ സംഭാവനകൾ |
| 3 | കലാസംബന്ധമായ കൂടുതൽ അറിവുകൾ | ആർട്ട് ലൈബ്രറി | കുട്ടികളുടെ രചനകളും റഫറൻസ് ബുക്കുകളും ഉൾപ്പെടുത്താം | ദീർഘകാലം | അധ്യാപകൻ | പിടിഎ സംഭാവനകൾ |
| 4 | ടെൻഷൻ വിഷാദം ഏകാഗ്രത ഇല്ലായ്മ മാറാൻ | ഐസിടി സാധ്യതകളും കൗൺസിലിംഗും | | ദീർഘകാലം | അധ്യാപകൻ | പിടിഎ സംഭാവനകൾ |

| | | | | | | |
|---|---|---|---|---|---|---|
| | | ഉപയോഗിച്ച് കുട്ടികളെ സഹായിക്കാം | | | | |
| 5 | വേദിയോടുള്ള പേടി താല്പര്യം എന്നിവ വളർത്താൻ | സ്കൂൾ കലാമേള | വ്യത്യസ്ത കഴിവുള്ള കുട്ടികളെ കണ്ടെത്തുകയും അവരെ പരിശീലിപ്പിക്കുകയും ചെയ്യുക | ദീർഘകാലം | അധ്യാപകൻ | പിടിഎ സംഭാവനകൾ |
| 6 | കലാസംബന്ധമായ അറിവുകൾ നേടാൻ | വിനോദപരമായ സഞ്ചാരങ്ങൾ കലാകേന്ദ്രങ്ങൾ പരിചയപ്പെടൽ | കലാകാരന്മാരുടെ വീട് സന്ദർശിക്കുകയും അവർക്ക് സഹായം നൽകുകയും ചെയ്യൽ | ദീർഘകാലം | അധ്യാപകൻ | പിടിഎ സംഭാവനകൾ |
| 7 | കലാസംബന്ധമായ കൂടുതൽ അറിവുകൾ | ആർട്ട് ആൽബം നിർമ്മാണം | ആൽബത്തിൽ കുട്ടികളുടെ രചനകൾ കൂടി ഉൾപ്പെടുത്തൽ | ദീർഘകാലം | അധ്യാപകൻ | പിടിഎ സംഭാവനകൾ |
| 8 | രചനകൾ കുട്ടികളെ പരിചയപ്പെടുത്താം | കുട്ടികളെ കാവ്യങ്ങൾ രചിക്കുവാനും കഥകൾ രചിക്കുവാനും നോവലുകൾ രചിക്കുവാനും പരിശീലിപ്പിക്കുക | മികച്ച സാഹിത്യങ്ങൾ കുട്ടികളെ പരിചയപ്പെടുത്താം | ദീർഘകാലം | അധ്യാപകൻ | പിടിഎ സംഭാവനകൾ |
| 9 | കലാസംഘടനകൾ രൂപപ്പെടുത്തുക | കുട്ടികളുടെ താല്പര്യം അനുസരിച്ച് വിവിധ കലാ വിഭാഗങ്ങൾ ആയി കുട്ടികളെ പരിശീലിപ്പിക്കുക | പരിശീലനത്തിനായി പ്രാദേശിക കലാകാരന്മാരെ ആശ്രയിക്കാം | ദീർഘകാലം | അധ്യാപകൻ | പിടിഎ സംഭാവനകൾ |

മേഖല: അക്കാദമികം

## ഉപമേഖല :ആരോഗ്യ കായിക വിദ്യാഭ്യാസം

**ആമുഖം**

കായിക വിദ്യാഭ്യാസം പാടി പദ്ധതിയുടെ ഭാഗമാക്കിയ സംസ്ഥാനമാണ് കേരളം.കായിക മികവിന്റെ കാര്യത്തിൽ ഇന്ത്യയിലെ ഏതൊരു സംസ്ഥാനത്തിന്റെയും മുമ്പിൽ ആയിരുന്നു നാം.എന്നാൽ കേരളീയ യുവ സമൂഹത്തിൻറെ വിശിഷ്യാ സ്കൂൾ കുട്ടികളുടെ ഗായകൻ ക്ഷമയെപ്പറ്റി വന്നുകൊണ്ടിരിക്കുന്ന പഠന റിപ്പോർട്ടുകൾ ഈ രംഗത്ത് നമുക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന അപചയത്തിന് വ്യക്തമാക്കുന്നു.കായികക്ഷമത ,സാമൂഹ്യക്ഷമത, സദാചാരബോധം ,വൈകാരിക വികാസം ,എന്നിവ ലക്ഷ്യമാക്കി ഒരു വ്യക്തിക്ക് കായിക പ്രവർത്തനങ്ങളിൽ കൂടി ലഭിക്കുന്ന അറിവിനെയാണ് കായിക വിദ്യാഭ്യാസം എന്ന് പറയുന്നത്.ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. മാനസികാരോഗ്യം സമ്പാദിക്കാനും കായിക വിദ്യാഭ്യാസം ആവശ്യമാണ്. ആരോഗ്യമുള്ള ഒരു ജനത ഒരു രാജ്യത്തിൻറെ സമ്പത്താണ്.അതുകൊണ്ടുതന്നെ സമഗ്രമായ വ്യക്തിത്വ വികാസത്തിന് കായിക പരിശീലനം ആവശ്യമാണ്

## ആരോഗ്യ കായിക വിദ്യാഭ്യാസം

| Sl. No | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1 | രക്ഷാകർതൃ ബോധവൽക്കരണം വിദ്യാർത്ഥി ബോധവൽക്കരണം ക്ലാസ് പിടിഎ യിൽ | ജൂലൈ | ക്ലാസ് ടീച്ചർ കായിക അധ്യാപകർ |
| 2 | ഏറോബിക് യോഗ പരിശീലനം | ഒരു വർഷം | പിടിഎ, കായിക അധ്യാപകർ |
| 3 | പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലനം | ഒരു വർഷം | പിടിഎ,കായിക അധ്യാപകർ |
| 4 | ഒഴിവ് ദിവസങ്ങളിൽ പരിശീലനം | ഏപ്രിൽ മെയ് | കായിക സമിതി |
| 5 | സമ്പൂർണ്ണ കായികക്ഷമതപരിശീലന പദ്ധതി, കായിക ക്ഷമതാപരിശോധന | ജനുവരി – മാർച്ച് | |
| 6 | കായിക പഠനത്തിന് താല്പര്യമുള്ള കുട്ടികളെ കണ്ടെത്താൻ ഇനം നിശ്ചയിക്കൽ | ജൂൺ | കായിക വകുപ്പ് |

| | | | |
|---|---|---|---|
| 7 | നിശ്ചിത മേഖലകളിൽ കുട്ടികളുടെ ശേഷികൾ അറിയാനുള്ള പ്രവർത്തനം | ജൂൺ | കായിക വകുപ്പ് |
| 8 | രാവിലെയും വൈകുന്നേരവും കായിക പരിശീലനം – കുട്ടികൾക്ക് ലഘു ഭക്ഷണം നൽകൽ | ആഴ്ചയിൽ മൂന്ന് ദിവസം | പിടിഎ കായികാധ്യാപകർ |
| 9 | ജില്ലാ ദേശീയ സംസ്ഥാനം മികവ് നേടിയ കായികതാരങ്ങളെ ആദരിക്കൽ | | പിടിഎ ,എച്ച് എം ,കായിക അധ്യാപകർ |
| 10 | ജീവിതശൈലീ രോഗങ്ങൾ, വ്യായാമത്തിലൂടെ പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസ് | | പി.ടി എ , എച്ച് എം, കായികാധ്യാപകർ |
| 11 | കുട്ടികളുടെ യാത്ര സൈക്കിളിൽ – ആരോഗ്യവും പരിസ്ഥിതിയും സംരക്ഷിക്കുക | | പി.ടി എ , എച്ച് എം, കായികാധ്യാപകർ |

മേഖല : അക്കാദമികം

ഉപമേഖല : വിവരസാങ്കേതികവിദ്യ

**ആമുഖം**

വിവരസാങ്കേതികവിദ്യ (Information Technology – IT) ഐ.ടി.യുടെ ഉപയോഗങ്ങൾ വളരെ വിശാലമാണ്.വിദ്യാഭ്യാസം, ആരോഗ്യം, ബിസിനസ്, വാർത്താവിനിമയം, ഗതാഗം, വിനോദം തുടങ്ങി എല്ലാ മേഖലകളിലും ഐ.ടി.ഇന്ന് അനിവാര്യമാണ്.കമ്പ്യൂട്ടറുകളും മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളും ഉപയോഗിച്ച് വിവരങ്ങൾ ശേഖരിക്കുകയും സുരക്ഷിതമായി സംഭരിക്കുകയും ചെയ്യുന്നു.ശേഖരിച്ച വിവരങ്ങൾ ആവശ്യമുള്ള രീതിയിൽ ക്രമീകരിക്കാനും, വിശകലനം ചെയ്യാനും, ആവശ്യമുള്ള രൂപത്തിലേക്ക് മാറ്റാനും ഐ.ടി.സഹായിക്കുന്നു.വിവരങ്ങൾ ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേക്ക് വേഗത്തിലും സുരക്ഷിതമായും എത്തിക്കാൻ ഐ.ടി.സഹായിക്കുന്നു.ഉദാഹരണത്തിന്, ഇന്റർനെറ്റ്, ഇമെയിൽ തുടങ്ങിയവ.

| SL NO | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക ഓരോ കാലഘട്ടത്തിലും മാറിവരുന്ന സോഫ്റ്റ്‌വെയറുകൾ ഐസിടി ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു | അക്കാദമിക വർഷം | ഐസിടി അധ്യാപകർ | മാനേജ്മെൻറ് |
| 2 | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനവിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽമെച്ചപ്പെടുത്തുക | ഐസിടി പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾതലത്തിൽ ഐസിടി ശില്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ഐസിടി അധ്യാപകർ | മാനേജ്മെൻറ് |
| 3 | പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക ഇതുവഴി പഠനത്തിലൂടെ പരിചയിച്ച | അക്കാദമിക വർഷം | ഐസിടി അധ്യാപകർ | മാനേജ്മെൻറ് |

| | | | | | |
|---|---|---|---|---|---|
| | | സാങ്കേതിക വിദ്യകൾ പ്രായോഗികതലത്തിൽ ഉപയോഗിച്ചാലുള്ള കഴിവുകൾ നേട്ടക | | | |
| 4 | ഓരോ കാലഘട്ടത്തിലും സാങ്കേതിവിധികൾ നൃതനമാക്കുന്ന അതോടൊപ്പം ദുരുപയോഗം നടക്കുന്നുഇത്തരം ദുരുപയോഗങ്ങളെ കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം മാറിമാറി വരുന്ന സാങ്കേതികവിദ്യകളെ ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്ന ആവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ഐസിടി അധ്യാപകർ | മാനേജ്മെൻറ് |
| 5 | നിത്യ ജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേട്ടക അതുവരെ സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം പ്രചാരത്തിൽ ആക്കുക | സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ പ്രചാരണ കുട്ടികളിലൂടെ നടത്തുന്നു | അക്കാദമിക വർഷം | ഐസിടി അധ്യാപകർ | മാനേജ്മെൻറ് |
| 6 | സ്മാർട്ട് ക്ലാസ്സ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ഐസിടി ഉപയോഗിച്ചുകൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു | അക്കാദമിക വർഷം | ഐസിടി അധ്യാപകർ | മാനേജ്മെൻറ് |

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

### മേഖല - ആഹാരവും കൃഷിയും

തൊഴിലിനോട് ആഭിമുഖ്യമുള്ള തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്ന സാമൂഹിക ബോധമുള്ള ഒരു തൊഴിൽ സംസ്കാരത്തിന്റെയും കാർഷിക സംസ്കാരത്തിന്റെയും വക്താക്കളായി പുതിയ തലമുറയെ വാർത്തെടുക്കുകയാണ് പ്രവർത്തി പഠനത്തിന് ലക്ഷ്യം. തൊഴിൽ ഉത്ഗ്രഥിത വിദ്യാഭ്യാസത്തിനു ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് പ്രവർത്തി പഠനത്തിൽ ക്രമപ്പെടുത്തിയിരിക്കുന്നത്. സ്കൂളിലെ ഓരോ പ്രവർത്തനങ്ങളും മികച്ച തൊഴിൽ സംസ്കാരം പ്രതിഫലിപ്പിക്കും വിധം സംവിധാനം ചെയ്യുക എന്നതും പ്രവർത്തി പഠനത്തിന്റെ ലക്ഷ്യമായി പരിഗണിക്കപ്പെടുന്നു .

### മേഖല - ആഹാരവും കൃഷിയും

| SL NO | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ഉപ പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|---|
| 1 | കാർഷിക സംസ്കാര രൂപപ്പെടുത്തണം | പ്രോജക്ട് വർക്ക് കാർഷിക സർവ്വേ | സ്വാഭാവികമായി നട്ടുവളർത്തപ്പെടാതെ നമ്മുടെ നാട്ടിൽ ഉണ്ടാകുന്ന ഭക്ഷ്യയോഗ്യമായ ചെടികൾ, പാചകരീതി ഭക്ഷ്യയോഗ്യമായ സസ്യഭാഗങ്ങൾ തരംതിരിക്കുന്നു വിവരണം ശേഖരണം നടത്തുന്നു ചിത്രശേഖരണം, പൂക്കൾ വായ്കൾ കിഴങ്ങ് വർഗ്ഗങ്ങൾ | ജൂൺ - സെപ്റ്റംബർ | സ്കൂൾ തലം |
| 2 | ആരോഗ്യവും ആരോഗ്യപരിപാലനവും | ആരോഗ്യ പരിപാലനത്തിൽ ശ്രദ്ധിച്ച ശാരീരിക മാനസിക ആരോഗ്യ സംരക്ഷണം | സെമിനാർ, സംഘടിപ്പിക്കൽ ശുചിത്വം, ശില്പശാല, പരിസരമലിനീകരണ നിർമ്മാർജ്ജനം ഗ്രൂപ്പ് പ്രവർത്തനം അവതരണം | ജൂൺ - ഡിസംബർ | |
| 3 | വസ്ത്രം | സ്വന്തമായി ഗൃഹാലങ്കാരവസ്തുക്കൾ നിർമ്മിച്ച വീട് മനോഹരമാക്കുക | ഗൃഹാലങ്കാരവസ്തുക്കളുടെ നിർമ്മാണ ശില്പശാല കരകൗശല വസ്തുക്കളുടെ നിർമ്മാണം , വെജിറ്റബിൾ പ്രിന്റിംഗ് പരിശീലനം | | സ്കൂൾതലം എല്ലാ കുട്ടികളും |

| | | | | | |
|---|---|---|---|---|---|
| 4 | പാർപ്പിടം | ആശംസകൾ കാർഡുകളുടെ നിർമ്മാണം | ശിൽപ്പശാല ഗൃഹാരങ്കാരവസ്തുക്കളുടെ നിർമ്മാണം കരകൗശല വസ്തുക്കൾ നിർമ്മാണം വീട്ടു ഉപകരണങ്ങളുടെ റിപ്പയറിങ് , വീടിന്റെ പ്ലാൻ വരക്കൽ , | ജൂൺ - ഫെബ്രുവരി | |
| 5 | വിനോദം | പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിച്ച് കൗതുക വസ്തുക്കളും അലങ്കാരവസ്തുക്കളും നിർമ്മിച്ച ഉപയോഗിക്കുന്നു | ശില്പശാല ഈറ മുള ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ മാസികയുടെ പേപ്പർ ന്യൂസ് പേപ്പർ ഇവ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ | ജൂലൈ - ജനുവരി | സ്കൂൾ തലം എല്ലാ കുട്ടികളും |
| 6 | സേവനം ഉപയോഗമായി വസ്തുക്കളുടെ നിർമ്മാണം | ശില്പശാലകളുടെ സംഘാടനം , പ്രദർശനം, വിപണനം ... ബാഗ് നിർമ്മാണം , കുട നിർമ്മാണം സ്കൂൾതലം എല്ലാ കുട്ടികളും | | ജൂൺ - ഫെബ്രുവരി | പ്രവർത്തി പഠന ക്ലബ്ബ് |

### ഉപസംഹാരം

വികസന കാര്യങ്ങളിൽ കേരളം എന്നും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. വികസനത്തിന്റെ കേരളാ മോഡൽ എന്നത് വിദ്യാഭ്യാസരംഗത്തും സ്വാർത്ഥകമാക്കിയിരിക്കുകയാണ് 'തികച്ചും കാർഷികമായ ഒരു മേഖലയിലെ സാധാരണക്കാരായ കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയം വിദ്യാഭ്യാസരംഗത്തെ മുഖ്യധാര പ്രവർത്തനങ്ങളിൽ മുന്നിട്ടുനിൽക്കണമെന്ന് ഞങ്ങൾക്ക് നിർബന്ധമുണ്ട്. ഇവിടെ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് ലോകത്ത് എവിടെയും ഏത് മേഖലയിലും ജീവിതവിജയം നേടാനുള്ള വിദ്യാഭ്യാസം അവർക്ക് നൽകണമെന്ന് ഞങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.അധ്യാപകരും അനധ്യാപകരും രക്ഷിതാക്കളും നാട്ടുകാരും ചേർന്ന് ഈ വിദ്യാലയത്തെ കേരളത്തിലെ ഏറ്റവും മികച്ച സ്കൂൾ ആക്കി മാറ്റാനുള്ള ശ്രമം തുടങ്ങി കഴിഞ്ഞു .വിദൂര ഭാവിയിൽ ഈ വിദ്യാലയം ലോകമറിയുന്ന സാംസ്കാരിക പ്രഭവ കേന്ദ്രം ആകുമെന്ന് നമുക്ക് പ്രത്യാശിക്കാം

Name of school: St.Joseph's HS Pullurampara    District: Kozhikode

After K.E.R

Clarification of Building and Size: Pucca permanent concrete three storyed Building

45.5m x 9m including 45.5 m x2 m Varandah for each floor

Portico 4.5 m x 5 m

Number of rooms : 21

1. GF 6x6x3.7 =7 rooms
2. FF 6x6x3.7 = 7 rooms
3. SF 6x6x4.2 = 7 rooms

### Second Floor (1978-79)

| | | | | | | |
|---|---|---|---|---|---|---|
| IX D | IX E | VIII E | VIII D | VIII C | VIII B | VIII A |
| Varandah | | | | | | |
| | | | Portico | | | |

### First Floor (1977- 78)

| | | | | | | |
|---|---|---|---|---|---|---|
| IX C | MULTI MEDIA ROOM | COMPUTER LAB | OFFICE | SCIENCE LAB | STAFF ROOM | LIBRARY |
| Varandah | | | | | | |
| | | | Portico | | | |

### Ground Floor (1976 - 77)

| | | | | | | |
|---|---|---|---|---|---|---|
| IX B | IX A | X E | X D | X C | X B | X A |
| Varandah | | | | | | |
| | | | Portico | | | |

